പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2087** **06.10.2016 -ൽ മറുപടിക്ക്**

**അരൂർ നിയോജകമണ്ഡലത്തിലെ പാലം നിർമ്മാണം**

**ചോദ്യം**

**ശ്രീ.എ.എം. ആരിഫ്**

(എ) അരൂർ നിയോജകമണ്ഡലത്തിലെ കുത്തിയതോട് - തുറവൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വാക്കയിൽ പാലത്തിന്റെ നിർമ്മാണത്തിന് എത്ര കോടി രൂപയാണ് എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളത്; ബഡ്ജറ്റ് വിഹിതമായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; അത് എന്നാണ് അനുവദിച്ചത്; അതിൽ നിന്ന് ഇൻവെസ്റ്റിഗേഷൻ ആവശ്യത്തിനും ഡി.പി.ആർ നും മറ്റുമായി എത്ര രൂപ ചെലവായി; ബാക്കി തുക അനുവദിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഫയൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(ബി) അരൂർ നിയോജകമണ്ഡലത്തിലെ എഴുപുന്ന പഞ്ചായത്തിലെ കാക്കതുരുത്ത് പാലത്തിന്റെ എ.എസ് എത്ര കോടി രൂപയായിരുന്നു; എന്നാണ് പാലം പണി ആരംഭിച്ചത്; പാലം പണി മുടങ്ങിയതിനു ശേഷം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചത് പ്രകാരമുള്ള അധിക തുക അനുവദിച്ചു നൽകിയോ; ആയത് എത്രയും വേഗം ലഭ്യമാക്കി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) അരൂർ നിയോജകമണ്ഡലത്തിലെ കുത്തിയതോട് - തുറവൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വാക്കയിൽ പാലത്തിന്റെ നിർമ്മാണത്തിന് 12.50 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഇപ്പോൾ പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കി വരുന്നത്. ബഡ്ജറ്റ് വിഹിതമായി 100 ലക്ഷം രൂപയുടെ ഭരണാനുമതി സ.ഉ (സാധാ) നം.1540/11/PWD തീയതി, 09.11.2011 പ്രകാരം അനുവദിച്ചിട്ടുണ്ട്. അതിൽ 8.90 ലക്ഷം രൂപ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ചെലവായി. എസ്റ്റിമേറ്റ് പൂർത്തിയായി ആയത് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി ടെൻഡർ നടപടി പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ കഴിയും.

(ബി) അരൂർ നിയോജകമണ്ഡലത്തിലെ എഴുപുന്ന പഞ്ചായത്തിലെ കാക്കതുരുത്ത് പാലത്തിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം പണി ആരംഭിച്ചത് 08.03.2012 ലാണ്. ബാക്കി പ്രവൃത്തിയ്ക്കായുള്ള പുതുക്കിയ എസ്റ്റിമേറ്റ് അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതിനു ശേഷം മാത്രമേ പുതുക്കിയ ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ പ്രത്യേക അനുവാദം ധനകാര്യ വകുപ്പിൽ നിന്നും വാങ്ങി മന്ത്രിസഭയുടെ അംഗീകാരത്തോടെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുവാൻ കഴിയും.

**സെക്ഷൻ ഓഫീസർ**